LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുടെ പാട്ടം പുതുക്കി നൽകുക/ റദ്ദ് ചെയ്യുക എന്നീ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) സർവ്വേ നടപടികൾ നടന്നുവരികയാണ്. അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) സർവ്വേ ടീമിന്റെ പരിശോധന നടന്നുവരികയാണ്. അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**തീരദേശ മേഖലയിലെ പ്രകൃതിക്ഷോഭ സാദ്ധ്യതകൾ**

**154 (5239)** ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് സംസ്ഥാനത്തിന്റെ തീരദേശ മേഖലയിൽ ഉണ്ടാകാവുന്ന പ്രകൃതിക്ഷോഭ സാധ്യതകളെക്കുറിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രകൃതിക്ഷോഭ സാധ്യതകൾ ഏറെയുള്ള തീരദേശമേഖലയെ ക്കുറിച്ച് അത്തരമൊരു പഠനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പുമായി സഹകരിച്ചു നടത്താനും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ വിലയിരുത്താനും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിന് കീഴിൽ കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് പഠനങ്ങൾ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.